# കേരള തീരദേശ പരിപാലന അതോറിറ്റി

**പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം**

നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,തിരുവനന്തപുരം- 695 001

**ഫോൺ** - 0471 2339696 (ഓഫീസ്)

---

**കേരള തീരദേശ പരിപാലന അതോറിറ്റി ഡയറക്ടറുടെ നടപടി ക്രമം**
**(ഹാജർ സൂനീൽ പമിടി ഐഎഫ്എസ്)**

നം. 3149/എ1/2024/KCZMA                                    തീയതി : 14.07.2025

---

വിഷയം: കേരള തീരദേശ പരിപാലന അതോറിറ്റി - സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - കൂട്ടി ചേർക്കൽ സംബന്ധിച്ച്

പരാമർശം:- 06.12.2024 തീയതിയിലെ 3149/A1/2024/KCZMA നടപടിക്രമം.

## ഉത്തരവ്

2019 തീരദേശ പരിപാലന നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ക്രമങ്ങൾ സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിന്റെ മൂന്നാം പേജിൽ CRZ III B വിഭാഗത്തിൽ 3, 4 ഖണ്ഡികകളിലായി വികസന നിഷിദ്ധമേഖലയിൽ പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹത്തിന്/തീരദേശ സമൂഹങ്ങൾക്ക് വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരുന്നു.

പ്രസ്തുത ഉത്തരവിലെ CRZ III B യിലെ മൂന്നാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള പരമ്പരാഗത മത്സ്യതൊഴിലാളി സമൂഹം എന്നതിനു പകരം 'പരമ്പരാഗത തീരദേശ സമൂഹം' എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അതോടൊപ്പം 2011 CRZ Notification നിയമത്തിനു വിധേയമായി നിർമ്മിച്ചതും എന്നാൽ മുൻകൂർ അനുമതി കൂടാതെ നിർമ്മിച്ചതുമായ വാസഗൃഹങ്ങൾ ക്രമവത്ക്കരിക്കുന്നതായി കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ നൽകുന്ന അപേക്ഷകളിൽ പരമ്പരാഗത തീരദേശവാസി/തദ്ദേശവാസിയാണോ എന്ന വിവരം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

KERALA COASTAL ZONE MANAGEMENT AUTHORITY
THIRUVANANTHAPURAM
Date ......

**സൂനീൽ പമിടി ഐ എഫ് എസ്**
**മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**

പകർപ്പ് :-
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ടൗൺപ്ലാനർമാർക്കും (എല്ലാ ഗ്രാമപഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/ മുനിസിപ്പാലിറ്റികൾ എന്നിവർക്ക് നൽകുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി